<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** | **24-02-2026 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിഭാഗത്തിന്റെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സമഗ്ര കർമ്മപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട് . സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ ഉൾപ്പടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു .<br><br>നിലവിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി , എ ആർ എസുകൾ ,പ്രീ മെട്രിക് ഹോസ്റ്റലുകൾ സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു പദ്ധതി രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ ലാപ്പ്ടോപ്പ് വിതരണം, പോസ്റ്റ്മെട്രിക തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി സ്ഥാപനം സംഘടിപ്പിക്കുന്ന പഠന വിനോദയാത്രക്ക് ധനസഹായം അന്യസംസ്ഥാന പഠനം വിദേശപഠനത്തിനുള്ള ധനസഹായം സിവിൽ സർവീസ് പരിശീലനം, കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിങ്സ എന്ന പദ്ധതി ,PSC പരിശീലന പരിപാടി എൻട്രൻസ് കോച്ചിങ് , കൈത്താങ്ങ്, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വസ്ത്രവിതരണം അഭിഭാഷക ധനസഹായ പദ്ധതി |

| | | | |
|---|---|---|---|
| | | | ട്യൂട്ടോറിയൽ ഗ്രാന്റ്, റെസിഡൻഷ്യൽ കോച്ചിങ്ങ് ക്യാമ്പ്, ഗിരിവികാസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന കാര്യക്ഷമമാക്കുന്നതിനും പഠന പിന്നോക്കാവസ്ഥ ഉൾപ്പടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ ഉൾപ്പടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന4തിനായി "ബാക്ക് ടു സ്കൂൾ" എന്ന സമഗ്ര കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ കാരണങ്ങളാൽ ക്ലാസിൽ റഗുലറായി എത്താത്ത പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ തിരികെ സ്കൂളുകളിലേക്ക് എത്തിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് . |
| (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും വേണ്ടി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) | പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും വേണ്ടി പട്ടിക വർഗ്ഗ വികസന വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു .<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കുന്ന വിദ്യാവാഹിനി പദ്ധതി, ഉന്നതികളിൽ നിന്ന ദിനം പ്രതി സ്കൂളിൽ പോയി (Day Scholars) പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാര ഉയർത്തുന്നതിന് ഉന്നതികളോട് ചേർന്ന പൊതു കെട്ടിടങ്ങൾ കേന്ദ്രീകരിച്ച് സാമൂഹ പഠനമുറികൾ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് പഠനമുറികൾ നിർമ്മിച്ച് നൽകുന്ന പദ്ധതി, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് രക്ഷിതാക്കൾക്ക പ്രത്യേക പ്രോത്സാഹന ധനസഹായ നൽകുന്ന പദ്ധതി, കൈത്താങ്ങ്, പട്ടികവർഗ്ഗ |

വിദ്യാർത്ഥികൾക്കുള്ള വസ്ത്ര വിതരണം
വിദ്യാർത്ഥികളുടെ പഠന
കാര്യക്ഷമമാക്കുന്നതിനായി പ്രീമെട്രിക
സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക
സ്കോളർഷിപ്പുകൾ, അഭിഭാഷക ധനസഹായ
പദ്ധതി, അക്കാഡമിക് കലാകായിക
മൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന
സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക
പ്രത്യേക പ്രോത്സാഹന ധനസഹായം
പ്രീപ്രൈമറി തലത്തിലുള്ള വിദ്യാർത്ഥികളുടെ
പഠനത്തിനായി 31 പ്രീ മോഡൽ സ്കൂളുകൾ
നിലവിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ
മേഖലകളിലെ ഒന്നാം ക്ലാസിൽ ചേർക്കാൻ
പ്രായത്തിലുള്ള എല്ലാ കുട്ടികളെയും പഠന
ഉറപ്പാക്കുന്നതിനും സ്കൂൾ എൻറോൾമെന്റ്
ഉറപ്പാക്കുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ
ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ
വർക്കർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി
ഫെസിലിറ്റേറ്റർമാർ എന്നിവർ മുഖാന്തിര
നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ
പ്രാദേശിക സർക്കാരുകൾ
(ഗ്രാമപഞ്ചായത്ത്), സമഗ്ര ശിക്ഷാ കേരള
വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ കൂട്ട
സംയുക്ത ഇടപെടലുകളുടെ ഭാഗമായി
വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഫലപ്രാപ്തി
കൈവരിക്കാൻ സാധിക്കുന്നുണ്ട്
സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ
മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ
5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള
തുടർ പഠനത്തിനുള്ള സ്കോളർഷിപ്പ് അയ്യങ്കാളി
മെമ്മോറിയിൽ ടാലന്റ് സെർച്ച് ആന്റ്
ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി എന്നിവ
നടപ്പിലാക്കി വരുന്നുണ്ട്.

ഭൂരിഭാഗം പട്ടികവർഗ്ഗ
വിദ്യാർത്ഥികൾക്കും എൻറോൾമെന്റ്
മെച്ചപ്പെട്ട വിദ്യാഭ്യാസം എന്നിവ ഉറപ്പ്
വരുത്തുന്നതിലേക്കായി വകുപ്പിന് കീഴിൽ 22
മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 120
ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു.

കൂടാതെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ
സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണ മേന്മ
മെച്ചപ്പെടുത്തുന്നതിന് വേണ്ടി പൊതു
വിദ്യാഭ്യാസ വകുപ്പും പ്ലാനിംഗ് ബോർഡും
ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി കർമ

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലത്തിൽ കമ്മറ്റികളും രൂപീകരിച്ചുകൊണ്ട് സ.ഉ.(സാധാ) നം.3119/2024/GEDN തീയതി 9.5.2024 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതു പ്രകാര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം മെച്ചപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം മെച്ചപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു .<br><br>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സേർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം ആർ എസുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ കൈത്താങ്ങ്, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വസ്ത്ര വിതരണം ഗോത്രബന്ധു പദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, അന്യ സംസ്ഥാന പഠനം പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി സ്ഥാപനം സംഘടിപ്പിക്കുന്ന പഠന വിനോദ യാത്രക്ക് ധനസഹായം , പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു 10, +2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഡിഗ്രി കോഴ്സുകൾക്ക് പരാജയപ്പെട്ട വിദ്യാർത്ഥികൾക്കു ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠിച്ച് പരീക്ഷ പാസാകുന്നതിനും വിജയശതമാന മെച്ചപ്പെടുത്തുന്നതിനും ധനസഹായ നൽകുന്നതിനുമായി ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്ലസ് ടു, SSLC പരീക്ഷ എഴുതുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാർഷിക പരീക്ഷയ്ക്ക മുന്നോടിയായി വിജയശതമാന മെച്ചപ്പെടുത്തുന്നതിനായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു പരീക്ഷയിൽ പരാജിതരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് റെസിഡൻഷ്യൽ |

കോച്ചിംഗ് നൽകി പ്രസ്തുത പരീക്ഷകളിൽ മികച്ച വിജയം നേടാൻ പ്രാപ്തരാക്കുന്നതിന ഗിരിവികാസ് പദ്ധതിയും നടപ്പിലാക്കി വരുന്നു കൂടാതെ മെഡിക്കൽ/എഞ്ചിനീയറിംഗ അനുബന്ധ പ്രൊഫഷണൽ കോഴ്സുകൾക്ക പ്രവേശനം ലഭിച്ച പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകൾക്ക ചേരുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിച്ചു വരുന്നു. വിദേശ പഠനത്തിനുള്ള ധനസഹായം, അഭിഭാഷക ധനസഹായ പദ്ധതി,സിവിൽ സർവീസ പരിശീലനം, കൊമേഷ്യൽ പൈലറ്റ ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർ ഷിപ്പ് അനുവദി ക്കുന്നതിനായി വിങ്സ് എന്ന പദ്ധതി ,PSC പരിശീലന പരിപാടി പ്രൊഫഷണൽ കോഴ്സുകളിൽ പഠന നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഐ.ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ ലഘൂകരിക്കുന്നതിനായി സൗജന്യ ലാപ്ടോപ്പ വിതരണ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി NEET,JEE പരീക്ഷകൾ പാസ്സായി പ്രൊഫഷണൽ കോഴ്സുകൾക്ക അഡ്മിഷൻ ലഭ്യമാക്കുന്ന എൻട്രൻസ് കോച്ചിങ് പദ്ധതിയു വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട് .

വകുപ്പിന് കീഴിൽ 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 12( ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു ഇവിടുത്തെ വിദ്യാർത്ഥികളെ ഓരോ ഘട്ടത്തിലും അവലോകനം നടത്ത പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി റെമഡിയൽ ക്ലാസുകൾ ഉൾപ്പെടെ നൽകി വരുന്നു. എം.ആർ.എസ്. സ്കൂളുകളിൽ ഗണിത പഠനം, ശാസ്ത്ര പഠനം ഇവയിൽ അടിസ്ഥാന നൽകുന്നതിനായി K-DISC മായി സഹകരിച്ചു മഞ്ചാടി, മഴവിൽ പദ്ധതികൾ നടത്തി വരുന്നു. എം.ആർ.എസ്. കളിൽ അത്യാധുനിക സൗകര്യങ്ങളോടെ ഡിജിറ്റൽ ക്ലാസ് റൂമുകൾ ക്രമീകരിച്ചിട്ടുണ്ട് . കൂടാതെ 2025 ലെ വേനൽ അവധി കാലയളവിൽ വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസ വർദ്ധിപ്പിക്കുക, പഠന നിലവാര അവലോകനം ചെയ്യുക, കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്ന ഉദ്ദേശത്തോടെ പട്ടികവർഗ്ഗ ഉന്നതികളോട

| | | | |
|---|---|---|---|
| | | | ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ പഠനമുറികളിൽ പഠനോത്സവം എന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സാമൂഹിക പഠന മുറികൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ച് കരിയർ ഡെവലപ്മെന്റ് ക്ലാസ്സുകൾ നടത്തി വരുന്നു തദ്ദേശ വകുപ്പുമായി സഹകരിച്ച് തിരെഞ്ഞെടുത്ത സാമൂഹ്യ പഠനമുറികളിൽ അക്ഷരോന്നതി പദ്ധതിയും (ലൈബ്രറി സൗകര്യങ്ങൾ ) നടപ്പിലാക്കുന്നു. |
| (ഡി) | ആദിവാസി മേഖലകളിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ? | (ഡി) | പട്ടിക വർഗ്ഗ മേഖലകളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ , പ്രീ മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ കൂടാതെ ഉന്നതികളോട് ചേർന്ന് സാമൂഹ പഠനമുറികളും മോഡൽ പ്രീ സ്കൂളുകളും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു . ഇപ്രകാരം സംസ്ഥാനത്ത് 22 എം ആർ എസ് സ്കൂളുകളും 120 ഹോസ്റ്റലുകളും 346 സാമൂഹ്യ പഠനമുറികളു പ്രവർത്തിക്കുന്നു . എം.ആർ.എസ് സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി വരുന്നു കൂടാതെ പഠന നിലവാര വർധിപ്പിക്കുന്നതിനായി മഞ്ചാടി മഴവിൽ പദ്ധതി , ത്രൈവ് , ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കരിയർ ഗൈഡൻസ് , SPC , NCC , NSS എന്നിവയും സംഘടിപ്പിക്കുന്നു ഹോസ്റ്റലുകളിലൂടെ ട്യൂട്ടർമാരുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ പഠന നിലവാരം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു . കൂടാതെ സാമൂഹ്യ പഠന മുറികളിൽ B.Ed , D.Ed യോഗ്യത ഉള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട യുവതി യുവാക്കളെ ഫെസിലിറ്റേറ്റർമാരായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണവും നൽകി വരുന്നു അവധിക്കാലങ്ങളിൽ പഠനോത്സവങ്ങളു കരിയർ ഗൈഡൻസ് ക്ലാസുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. വായന ശീല വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ വകുപ്പുമായി സഹകരിച്ചു തിരെഞ്ഞെടുത്ത സാമൂഹ |

| | | | | |
|---|---|---|---|---|
| | | | | പഠനമുറികളിൽ അക്ഷരോന്നതി പദ്ധതിയു (ലൈബ്രറി സൗകര്യങ്ങൾ )നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പട്ടിക വർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി - നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിൽ കമ്മറ്റികൾ രൂപീകരിച്ചും,ചുമതലകളും, ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.3119/2024/GEDN തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:- പട്ടിക വർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ സംബന്ധിച്ച് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.04.2024-ന് ചേർന്ന യോഗതീരുമാനങ്ങൾ.

**ഉത്തരവ്**

പട്ടിക വർഗ വിദ്യാർഥികളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രതേക ഇടപെടലിന്റെ ഭാഗമായുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി ചുവടെ പറയും പ്രകാരം വിവിധ തലങ്ങളിൽ കമ്മറ്റികൾ രൂപീകരിച്ചും, അവയുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി.**

അധ്യക്ഷൻ: മെമ്പർ പ്ലാനിംഗ് ബോർഡ്,സോഷ്യൽ സർവീസ് ഡിവിഷൻ

കൺവീനർ : പൊതു വിദ്യാഭ്യാസ ഡയറക്ടർ

അംഗങ്ങൾ:
1. ചീഫ് സോഷ്യൽ സർവീസ് ഡിവിഷൻ സ്റ്റേറ്റ്

   പ്ലാനിംഗ് ബോർഡ്
2. ചീഫ് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ

   സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
3. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ഡയറക്ടർ, വനം വകുപ്പ്

6. ഡയറക്ടർ, പട്ടിക ജാതി പട്ടിക വർഗ വികസനവകുപ്പ്
7. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
8. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
9. ഡയറക്ടർ, കായിക വകുപ്പ്
10. ഡയറക്ടർ, സാംസ്കാരിക വകുപ്പ്
11. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്

**ചുമതലകളും ഉത്തരവാദിത്വങ്ങളും**

i. ജില്ലാതല കോർഡിനേഷൻ കമ്മറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാ ക്കുക.

ii. മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് ട്രൈബൽ വിദ്യാഭാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക.

iii. ട്രൈബൽ വിദ്യാഭാസ പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ പിന്തുണ ലഭ്യമാക്കുക.

iv. ജില്ല തലത്തിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പ്രതിമാസ അവലോകനം ചെയ്യുക.

v. വിലയിരുത്തലിൽ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

vi. പദ്ധതി നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് അപ്പെക്സ് കമ്മറ്റിക്ക് സമർപ്പിക്കുക.

2. **ജില്ലാതല കോർഡിനേഷൻ കമ്മറ്റി**

അധ്യക്ഷൻ: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്.

സെക്രട്ടറി : ജില്ലാ കലക്ടർ.

കൺവീനർ : വിദ്യാഭ്യാസ ഉപ ഡയറക്ടർ.

**അംഗങ്ങൾ:-**

1. ജില്ലാ പ്ലാനിംഗ് ഓഫീസർ
2. ജില്ലാ ഓഫീസർ, എൽ.എസ്.ജി.ഡി
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
4. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
5. ജില്ലാ ഓഫീസർ, വനം വകുപ്പ്
6. ജില്ലാ ഓഫീസർ, എസ്.ടി ഡിപ്പാർട്ട്മെൻറ്
7. ജില്ലാ ഇൻഫർമേഷൻ ഓഫീസർ

8. ജില്ലാ ഓഫീസർ, വനിതാ ശിശു വികസന വകുപ്പ്
9. ജില്ലാ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
10. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രധിനിധി
11. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കൻഡറി
12. അസിസ്റ്റന്റ് ഡയറക്ടർ വൊക്കേഷണൽ ഹയർസെക്കൻഡറി
13. ഡയറ്റ് പ്രിൻസിപ്പൽ
14. ജില്ല വിദ്യാഭ്യാസ ഓഫീസർമാർ

**ചുമതലകളും ഉത്തവാദിത്വങ്ങളും**

i. പ്രാദേശിക തല എക്സിക്യൂട്ടിവ് കമ്മറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

ii. മൂന്നാഴ്ചയിൽ ഒരിക്കൽ ജില്ലാ കമ്മറ്റി യോഗം ചേർന്ന് ട്രൈബൽ വിദ്യാ ഭാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക.

iii. ട്രൈബൽ വിദ്യാഭാസ പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ പിന്തുണ ലഭ്യമാക്കുക.

iv. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക.

v. പ്രാദേശികതലത്തിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ അവലോകനം ചെയ്യുക.

vi. വിലയിരുത്തലിൽ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

vii. ജില്ലാതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എല്ലാ മാസവും പത്താം തീയതിക്കകം സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി കൺവീനർക്ക് സമർപ്പിക്കുക.

3. **പ്രാദേശികതല കോർഡിനേഷൻ കമ്മറ്റി**

**അധ്യക്ഷൻ:** ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്

**കൺവീനർ :** ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

**അംഗങ്ങൾ:** 1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർ പേർസൺ
2. വികസന കാര്യ സ്റ്റാന്റിങ്ങ്കമ്മറ്റി ചെയർ പേർസൺ
3. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർ പേർസൺ
4. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർ പേർസൺ

**ചുമതലകളും ഉത്തവാദിത്വങ്ങളും**

i. മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ട്രൈബൽ വിദ്യാഭാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക.

ii. ട്രൈബൽ വിദ്യാഭാസ പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ പിന്തുണലഭ്യമാക്കുക.

iii. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക.

iv. പ്രാദേശിക തല എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിന്നും ലഭ്യമാകുന്ന മോണിട്ടറിംഗ് റിപ്പോർട്ടുകൾ അവലോകനം ചെയ്യുക.

v. വിലയിരുത്തലിൽ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

vi. പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹ്യ പഠന മുറികളുടെ പ്രവർ ത്തനങ്ങൾ സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുക.

vii. സ്പെഷ്യൽ ഗ്രാമ സഭ / ഊരുകൂട്ടം കൃത്യമായ ഇടവേളകളിൽ ചേർന്ന് നിർദ്ദേശം നൽകുന്നതിന് നേതൃത്വം നൽകുക.

viii. എല്ലാ കുട്ടികളുടെയും വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനായി ഊരുകളിൽ എൻറോൾമെന്റ് ക്യാംപൈൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. <u>പ്രാദേശികതല നിർവഹണ കമ്മറ്റി</u>

**അധ്യക്ഷൻ:** ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

**കൺവീനർ :** ഉപജില്ല വിദ്യാഭാസ ഓഫീസർ

**അംഗങ്ങൾ:** 1.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി

2 .ഐ.സി.ഡി.എസ് സൂപ്പർവൈസർ

3,അസിസ്റ്റന്റ് ഡി.ഡി.പി.ഒ

4. വനം വകുപ്പ് പ്രതിനിധി

5. എസ്.ടി ഡിപ്പാർട്ട്മെന്റ് പ്രതിനിധി

6.സാമൂഹ്യ നീതി വകുപ്പ് പ്രതിനിധി

**<u>ചുമതലകളും ഉത്തവാദിത്വങ്ങളും</u>**

i. ട്രൈബൽ വിദ്യാഭാസ പദ്ധതിയുടെ ഭാഗമായി പ്രാദേശിക തലത്തിൽ

ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രാദേശിക പ്രവർത്തനത്തിന് പദ്ധതി തയാറാക്കുക.

ii. എല്ലാ കുട്ടികളുടെയും വിദ്യാലയ പ്രവേശനം ഉറപ്പാക്കാനായി ബി.ആർ. സി കളുടെ സഹകരണത്തോടെ വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ ഊരുകളിൽ എൻറോൾമെന്റ് ക്യാംപൈൻ സംഘടിപ്പിക്കുക.

iii. കൊഴിഞ്ഞു പോയ കുട്ടികളെ തിരികെ സ്കൂളിലേക്ക് എത്തിക്കുന്നതിനായി നടപടി സ്വീകരിക്കുക. ബി.ആർ.സി, സ്കൂൾ പി.ടി.എ./എസ്.എം.സി,എസ്.ടി പ്രൊമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തേണ്ടതാണ്.

iv. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ വില്ലജ് എഡ്യുക്കേഷൻ രജിസ്റ്റർ അപ്ഡേഷൻ വരുത്തുക.

v. വിദ്യാഭ്യാസ വകുപ്പിന്റെ ഇംപ്ലിമെന്റ് ഓഫീസർ വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രഭാത ഭക്ഷണത്തിനുള്ള പദ്ധതി മെയ് മാസത്തിൽ തന്നെ അംഗീകാരം നേടി ജൂൺ മുതൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

vi. വിദ്യാലയങ്ങളിൽ യുണിഫോറം ,പാഠപുസ്തകങ്ങൾ, പഠന ഉപകരണങ്ങൾ എന്നിവ ലഭിച്ചു എന്ന് വിദ്യാഭ്യാസ ഓഫീസർമാരും എസ് ടി പ്രമോട്ടർമാരും ഉറപ്പാക്കേണ്ടതാണ്.

vii. ട്രൈബൽ വകുപ്പിന്റെ നേതൃത്വത്തിൽ യാത്രാ സാകര്യം ഉറപ്പാക്കുക.

viii. വിദ്യാഭ്യാസ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി സ്കൂൾ തലത്തിൽ നടത്തുന്ന പ്രത്യേക പഠന പരിപോഷണ പരിപാടിയുടെ നടത്തിപ്പിന് ആവശ്യമായ പിന്തുണ നൽകുക. പ്രസ്തുത പരിപാടിയുടെ വിയിരുതൽ കൃത്യമായ ഇടവേളകളിൽ നടത്തുക.

ix. അടിസ്ഥാന ശേഷി നേടിയിട്ടില്ലാത്ത കുട്ടികൾ ഉണ്ടെങ്കിൽ ഡയറ്റുകളുടെ സഹായത്തോടെ പ്രാദേശിക തലത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കുക.

x. കലാകായിക മേഖലയിൽ പരിശീലനം നൽകുന്നതിനായി പ്രാദേശിക തല ത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പദ്ധതി രൂപീ കരിക്കുക.

xi. പ്രാദേശിക തലത്തിൽ ട്രൈബൽ വിദ്യാഭാസ പദ്ധതിയുടെ മോണിട്ടറിങ്ങിനു ആവശ്യമായ ഫോർമാറ്റ് ഡയററുകളുടെ നേതൃത്വത്തിൽ രൂപീകരിക്കുക.

xii. രണ്ടാഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് എക് സിക്യൂട്ടിവ് കമ്മറ്റിയുടെ ട്രൈബൽ വിദ്യാഭാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുക.

**xiii.** വിലയിരുത്തലുകൾ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

**xiv.** ജില്ലാ തല നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

**xv.** പ്രാദേശിക തല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ജില്ലാതല/പ്രാദേശിക തല കോർഡിനേഷൻ കമ്മിറ്റികൾക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കകം സമർപ്പിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ(വിഎച്ച്എസ്.സി ) വിഭാഗം.
ഡയറക്ടർ, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
ഡയറക്ടർ, കൈറ്റ്.
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, എഡ്യുക്കേഷൻ മിഷൻ.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം.
ഡയറക്ടർ , KLSMA
ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്
ഡയറക്ടർ, KIRTADS
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വക്പ്പ്.
ഡയറക്ടർ, വനിതാ ശിശു വികസന വകപ്പ്.
ഡയറക്ടർ, ആരോഗ്യ വകുപ്പ് .
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ഡയറക്ടർ, കായികവും യുവജനക്ഷേമവും വകുപ്പ്.
ഡയറക്ടർ,സാംസ്കാരിക വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് . - ബഹു. മുഖ്യമന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടിക വർഗ്ഗ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്്ക്
വനം വകുപ്പ് അഡിഷണൽ ചിഫ് സെക്രട്ടറിയുടെ പി.എയ്ക്ക്്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്്ക്
സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്്ക്
കായിക യുവജന കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്